# നീര ഉൽപാദനം: ഓരോ ജില്ലയിലും 80 പേർക്കുവീതം പരിശീലനം

■ ഇ. അനിഷ് നായർ
കോഴിക്കോട്

നീര ഉൽപാദനത്തിനു സർക്കാർ പച്ചക്കൊടി കാണിച്ചതോടെ കേര കർഷകർക്കു പുത്തനുണർവ്. അടുത്തമാസം സംസ്ഥാനത്ത് 1120 പേർക്കു നീര ചെത്താൻ പ്രത്യേകപരിശീലനം നൽകും.

ഓരോ ജില്ലയിൽനിന്നും 80 പേർക്കുവീതമാണ് ഒരു മാസത്തെ പരിശീലനം. ഓരോ ജില്ലയിലും രണ്ടുപേരെ വീതം പരിശീലകരായി നാളികേര വികസന ബോർഡ് നിയമിക്കും. ഇതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങി. സർക്കാർ ഉത്തരവ് ലഭിച്ചാലുടൻ തുടർനടപടികൾ ആരംഭിക്കും.

നീരപദ്ധതിയെ കാത്തിരിക്കുന്നതു കൊപ്ര സംഭരണത്തിൽ ലഭിച്ച ഇരുട്ടടി തന്നെയായിരിക്കുമോയെന്ന ചോദ്യം കർഷകർ ഉയർത്തുന്നുണ്ട്. കർഷകരിൽനിന്നു നേരിട്ടു സംഭരിക്കാതെ കച്ചവടക്കാരിൽനിന്നു കൊപ്ര വാങ്ങിയതിനാൽ താങ്ങുവില പദ്ധതിയുടെ ഗുണം ലഭിച്ചില്ലെന്നു നേരത്തെതന്നെ ആരോപണമുയർന്നിരുന്നു. എക്സൈസ് ഉദ്യോഗസ്ഥരുടെ അലംഭാവംമൂലം സംസ്ഥാനത്തു വ്യാജക്കള്ള് പരിശോധന പോലും നിലച്ചിരിക്കുന്ന സന്ദർഭത്തിൽ നീരയുടെ ചുമതലകൂടി അവർക്കു നൽകുകയാണെങ്കിൽ പദ്ധതി ഫലപ്രദമാകുമോയെന്ന ചോദ്യവും കർഷക സംഘടനകൾ ഉയർത്തുന്നുണ്ട്.

സംസ്ഥാനത്ത് ഇപ്പോൾ തെങ്ങുചെത്തി എടുക്കുന്നതിന്റെ 50 ഇരട്ടി കള്ളാണു വിൽക്കുന്നത്. കൃത്രിമമായി കള്ള് ഉൽപാദിപ്പിക്കുന്ന കാര്യം എക്സൈസ് അധികൃതർക്ക് അറിയാമെങ്കിലും നടപടിയെടുക്കാറില്ല. ഇതേ ഗതിയായിരിക്കുമോ നീരയ്ക്കുമെന്നാണു കർഷകരുടെ ആശങ്ക. കർഷകനിൽനിന്നു സംഭരിക്കുന്ന നീരയുടെ ഗുണമേന്മ സൊസൈറ്റികളിൽ എത്തുമ്പോൾ അട്ടിമറിക്കപ്പെടാനുള്ള സാധ്യത ഏറെയാണെന്നു ഫാർമേഴ്സ് റിലീഫ് ഫോറം ചെയർമാൻ എ.സി. വർക്കി ചൂണ്ടിക്കാട്ടി.

നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ 1500 തെങ്ങുള്ള യൂണിറ്റുകളിലാണു നീര പദ്ധതി ആരംഭിക്കുന്നത്.

നാളികേര വികസന ബോർഡിനു കീഴിലെ 2380-ൽ അധികം വരുന്ന സൊസൈറ്റികൾക്കു കീഴിലാണു പദ്ധതി നടപ്പാക്കുക. പരീക്ഷണപദ്ധതി വിജയം കണ്ടാൽ സംസ്ഥാനത്തെ മുഴുവൻ ചെത്തുതൊഴിലാളികൾക്കും അവരവരുടെ പ്രദേശങ്ങളിലെ നീരയെടുക്കാൻ സൗഹചര്യമൊരുങ്ങും.